## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4798 — 05.02.2014 ൽ മറുപടിയ്ക്ക്

# ഇ-പേയ്മെന്റ് വഴി കർഷകർക്ക് ലഭിക്കേണ്ട സാമ്പത്തിക സഹായം

**ചോദ്യം**

ശ്രീമതി.കെ.എസ്.സലീഖ

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഇ-പേയ്മെന്റ് സംവിധാനം വഴി വിവിധ പദ്ധതികൾക്കായി വിതരണം ചെയ്യേണ്ട എത്ര തുകയാണ് കർഷകരുടെ അക്കൗണ്ടിലെത്താതെ ബാങ്കുകളിൽ കെട്ടികിടക്കുന്നത്; ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(എ) 2012-13 സാമ്പത്തിക വർഷത്തിൽ, ബാങ്കുകളുടെ സോഫ്റ്റ്‌വെയർ സംവിധാനത്തെ മാത്രം ആശ്രയിച്ചാണ് ഇ-പേയ്മെന്റ് പ്രക്രിയ നടത്തിയത്.

കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനായി ബാങ്കുകളിൽ നിക്ഷേപിക്കുന്ന തുക, വിവിധ കാരണങ്ങളാൽ, തിരസ്കരിക്കപ്പെടുന്നുണ്ട്. തെറ്റായ അക്കൗണ്ട് നമ്പർ, പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടുകൾ, യഥാർത്ഥ സേവിംഗ് ബാങ്ക് അക്കൗണ്ടുകൾക്കു പകരം ലോൺ അക്കൗണ്ടുകൾ എന്നീ കാരണങ്ങളാലാണ് തുക ട്രാൻസ്ഫർ നടക്കാത്തത്. ഇപ്രകാരം തിരസ്കരിക്കപ്പെടുന്ന സാഹചര്യത്തിൽ, ബാങ്കിൽ നിന്നും ലഭിക്കുന്ന സ്റ്റേറ്റ്മെന്റിൽ ബിൽ നമ്പർ, പദ്ധതി, കൃഷിഭവൻ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ, ഗുണഭോക്താക്കളെ കണ്ടെത്തി വിവരം അറിയിക്കുവാൻ കാലതാമസം നേരിടുന്നു.

ഇപ്രകാരം ബാങ്കുകളിൽ നിലവിലുള്ള തുക (15.01.2014 ന്) യുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 44.75360 |
| 2 | കൊല്ലം | 250.77189 |
| 3 | പത്തനംതിട്ട | 44.79453 |
| 4 | ആലപ്പുഴ | 460.94638 |
| 5 | കോട്ടയം | 231.25827 |
| 6 | ഇടുക്കി | 242.00000 |
| 7 | എറണാകുളം | 355.70242 |
| 8 | തൃശ്ശൂർ | 135.25467 |

| | | |
|---|---|---|
| 9 | പാലക്കാട് | 1365.73137 |
| 10 | മലപ്പുറം | 317.94170 |
| 11 | കോഴിക്കോട് | 566.12976 |
| 12 | വയനാട് | 84.39545 |
| 13 | കണ്ണൂർ | 679.75000 |
| 14 | കാസർകോഡ് | 316.18687 |
| | ആകെ | 5095.61691 |

**(ബി)** ഇത്തരത്തിൽ ഈ സാമ്പത്തിക വർഷം കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കുമായി എത്ര തുകയാണ് ജില്ലകളിലെ ബാങ്കുകൾക്ക് കൃഷി വകുപ്പ് നൽകിയത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**(ബി)** 2013-14 സാമ്പത്തിക വർഷം ബാങ്കുകൾക്ക് നൽകിയ തുകയുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 310.46134 |
| 2 | കൊല്ലം | 694.04973 |
| 3 | പത്തനംതിട്ട | 326.41743 |
| 4 | ആലപ്പുഴ | 1137.20591 |
| 5 | കോട്ടയം | 1034.81790 |
| 6 | ഇടുക്കി | 633.00000 |
| 7 | എറണാകുളം | 1081.91612 |
| 8 | തൃശ്ശൂർ | 2386.39082 |
| 9 | പാലക്കാട് | 3283.49876 |
| 10 | മലപ്പുറം | 1367.04000 |
| 11 | കോഴിക്കോട് | 1060.39574 |
| 12 | വയനാട് | 645.22900 |
| 13 | കണ്ണൂർ | 1549.30000 |
| 14 | കാസർകോഡ് | 1020.89568 |
| | ആകെ | 16530.61843 |

സെക്ഷൻ ഓഫീസർ